(2) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഡിപ്പോകളിൽ ഷെഡ്യൂളുകൾ റദ്ദാക്കിയതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. എസ്. ജോൺ: സർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഡിപ്പോകളിൽ ധാരാളം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുകയാണ്. 3051 ഷെഡ്യൂളുകളുള്ളതിൽ ശരാശരി 1067 എണ്ണം മാനേജ്മെൻറ് ക്യാൻസൽ ചെയ്തു. കഴിഞ്ഞ 6 മാസത്തിനുള്ളിൽതന്നെ എഴുന്നൂറോളം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തതായിട്ട് അറിയാമോ എന്ന് ഇന്നു ചോദ്യം ചോദിച്ചിരുന്നു. അതിന് മറുപടി കിട്ടിയില്ല. അതേസമയം യാത്രാക്ലേശം വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. പ്രതിവർഷം യാത്രക്കാരുടെ എണ്ണം 15 ശതമാനം വർദ്ധിക്കുമ്പോൾ 15 ശതമാനം ബസ്സുകളുടെ എണ്ണവും വർദ്ധിപ്പിക്കും. പക്ഷേ ഇപ്പോൾ ബസ്സുകളുടെ എണ്ണത്തിൽ 30 ശതമാനം കുറവുണ്ടായിട്ടുണ്ടെന്നാണ് കണക്കുകളിൽനിന്ന് മനസ്സിലാകുന്നത്. അതുമൂലം സെലക്ഷൻ ഗ്രേഡ് കണ്ടക്ടേഴ്സായിട്ട് പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ള അയ്യായിരത്തിൽപരം പേർ ഒന്നരവർഷമായി നിയമനം ലഭിക്കാതെ നിൽക്കുകയാണ്. 1976-ും 1979-ലും എടുത്തിട്ടുള്ള എല്ലാപേരെയും നിയമിച്ചുകഴിഞ്ഞു. പക്ഷേ ഇപ്പോഴും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും രണ്ടായിരത്തോളം ആളുകളെ അവിടെ നിയമിച്ചിരിക്കുകയാണ്. പി. എസ്. സി.യുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനുശേഷവും ഇരുനൂറോളം പേരെ എംപ്ലോമെൻറ് എക്സ്ചേഞ്ചിൽനിന്നും എടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടിൽനിന്ന് ഒരു വാചകം വായിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷവും താൽക്കാലിക ജീവനക്കാരെ കെ. എസ്. ആർ. ടി. സി.യിൽ തുടരാൻ അനുവദിച്ചത് നിലവിലുള്ള നിയമങ്ങൾ പ്രകാരം ആത്യന്തികമായ മാനുഷിക നീതിയനുസരിച്ച് ഒട്ടുമതന്നെ ശരിയല്ലെന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ളവരെ—നിയമപ്രകാരം പി. എസ്. സി. തെരഞ്ഞെടുത്തിട്ടുള്ള ഉദ്യോഗാർത്ഥികൾ—അവരിൽ ചിലർക്ക് പ്രായപരിധി കഴിയാറായ സാഹചര്യം ഉണ്ടായിരിക്കെ, അവരെ തൊഴിലില്ലാത്തവരാക്കാൻ പോകുന്നത് അത്യന്തം ഖേദകരമായ വസ്തുതയാണ്. ഈ സ്ഥിതിയിൽ റിസർവ് കണ്ടക്ടർമാരായി കെ. എസ്. ആർ. ടി. സി. യിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ ഉടനെ പിരിച്ചുവിട്ടു പകരം പി. എസ്. സി.-യിൽനിന്നു തെരഞ്ഞെടുത്ത ആളുകളെ നിയമിക്കുന്നതിന് ശുപാർശ ചെയ്യുന്നു. എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടിലുള്ളതാണ്. ഇതനുസരിച്ച്, യാത്രാക്ലേശം പരിഹരിക്കുന്നതിന് ധാരാളം ബസുണ്ടാക്കണം. മുമ്പ് ഒരു ദിവസം ഒരു ബസ് ഇറക്കുമായിരുന്നു. ആ സ്ഥാനത്ത് ഇപ്പോൾ ഒരു മാസം രണ്ട് ബസ് പോലും ഇറക്കുന്നില്ല. ഇതിനൊരു മാറ്റം വരുത്തണം. കൂടുതൽ ബസുകൾ ഉണ്ടാക്കുകയും പി. എസ്. സി. റാങ്ക് ഹോൾഡേഴ്സിനെ എത്രയും വേഗം നിയമിക്കുകയും വേണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, കെ.എസ്. ആർ.ടി.സി. ഷെഡ്യൂളുകളൊന്നും സ്ഥിരമായി റദ്ദാക്കിയിട്ടില്ല. എന്നാൽ വാഹനക്കുറവുമൂലം ചില ഡിപ്പോകളിൽ ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്യാൻ ഇടയാകാറുണ്ട്. ടയറുകളും സ്പെയർപാർട്ടുകളും ആവശ്യത്തിന് ലഭ്യമാകാത്ത സാഹചര്യത്തിലും ഇപ്രകാരം വാഹനങ്ങൾക്ക് കുറവുണ്ടാകും. വാഹന ദൗർലഭ്യം പരിഹരിക്കാനുള്ള നടപടികൾ കോർപ്പറേഷൻ എടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 2450 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. സ്റ്റാഫ് റേഷ്യോ അനുസരിച്ചു ഇപ്പോഴുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർ തന്നെ കൂടുതലാണെന്നുള്ളതു കൊണ്ടാണ് പി.എസ്.സി.യുടെ ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കാൻ കഴിയാതെ വന്നിരിക്കുന്നത്. എംപ്ലോയ്മെന്റിൽനിന്നും നിയമിച്ച ജീവനക്കാരെ പിരിച്ചുവിടണമെന്നു ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ചു പരിശോധിക്കുന്നതാണ്.

(3) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പൂഴിക്കടവുപാലം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, കൊല്ലം—കൊട്ടാരക്കര താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൂഴിക്കടവ് പാലത്തിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട്, ആവശ്യപ്പെടാനുള്ളത്. കഴിഞ്ഞ 5 വർഷമായി നിരന്തരമായി ഞാൻ ഈ ആവശ്യം സഭയിൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽത്തന്നെ ഈ പാലത്തിന്റെ പണിപൂർത്തിയാക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഇതൊരു റിസർവേഷൻ മണ്ഡലമായതുകൊണ്ടാണ് അങ്ങയുടെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ അവഗണനയും നിഷേധവും ഉള്ളതെന്നാണ് എന്റെ ബലമായ സംശയം. അങ്ങയ്ക്കുതന്നെ നേരിട്ടറിയാവുന്ന കാര്യമാണ്. ഈ പാലത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പാലത്തിന്റെ പണി പൂർത്തിയാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെയും ആഗ്രഹം. ഇതുവരെയായി 5 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇനിയും 8 ലക്ഷത്തിൽപ്പരം ചെലവാക്കണം. അടുത്ത ബഡ്ജറ്റ് പാസാക്കുന്നതോടുകൂടിത്തന്നെ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

(4) കരിമുകളിൽ പ്രവർത്തിക്കുന്ന കാർബൺ ആൻഡ് കെമിക്കൽസിൽനിന്നുയരുന്ന അന്തരീക്ഷ മലിനീകരണ ഭീഷണി

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കരിമുകളിൽ പ്രവർത്തിക്കുന്ന കാർബൺ ബ്ലാക്ക് എന്ന കമ്പനി കരിമുകം എന്ന പേര് ആ പ്രദേശത്തിന് അന്വർത്ഥമാക്കിയിരിക്കുകയാണ്. കരിമുകം ആകെ കരി കൊണ്ടു നിറഞ്ഞിരിക്കുന്നു. അവിടത്തെ വീടുകളും കടകളും വീട്ടുപകരണങ്ങളും മനുഷ്യരുടെ വസ്ത്രങ്ങളും ആകെത്തന്നെ കരി കൊണ്ടുമൂടപ്പെട്ടിരിക്കുകയാണ്. മാത്രമല്ല അവിടെനിന്നും വരുന്ന ദുർഗന്ധം സഹിക്കവയ്യ. അവിടെനിന്നും വരുന്ന മലിന വായു ശ്വസിച്ച് മനുഷ്യർ നിത്യരോഗികളായിത്തീർന്നിരിക്കുന്നു. അവിടെ മനുഷ്യജീവിതം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. ഇത്രയേറെ യാതന അനുഭവിക്കുന്ന വിഭാഗം ആളുകൾ മറ്റ് എവിടെയെങ്കിലും ഉണ്ടാകുമോയെന്ന് എനിക്ക് സംശയമാണ്. വളരെ നാളുകളായി കമ്പനി അവിടെ പ്രവർത്തനം തുടങ്ങിയിട്ട്. ഞാൻ തന്നെ ഈ സഭയുടെ ശ്രദ്ധയിൽ രണ്ടുപ്രാവശ്യം ഈ കാര്യം കൊണ്ടുവന്നിട്ടുണ്ട്. പല നിവേദനങ്ങളും ഞാൻ തന്നെ നടത്തിയിട്ടുണ്ട്. ഇതിന്റെപേരിൽ ജനങ്ങൾ അവിടെ പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. പ്രക്ഷോഭണം നടത്തിയ ജനങ്ങൾക്ക് പോലീസിന്റെ അടിമാത്രമാണ് ലഭിച്ചത്. വേറെ യാതൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഇതുവരെ യാതൊരു നിയന്ത്രണ നടപടിയും എടുത്തിട്ടില്ല. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ വളരെയേറെ സ്വാധീനമുള്ള ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly